റിപ്പോർട്ട്




ലോകത്തിലെ കുപ്രസിദ്ധ കമ്പനിയായിരുന്ന എൻറോൺ കേരളത്തിൽ കാലുറപ്പിക്കാൻ നടത്തിയ ശ്രമങ്ങളെ പരാജയപ്പെടുത്തിയ സമരത്തിന്റെ ചരിത്രം

# ഇരിണാവ് എൻറോൺ സമരം

വിനോദ് പയ്യട

മഹാരാഷ്ട്രയിൽ വൈദ്യുതി ഉത്പാദന രംഗത്ത് പദ്ധതി ആരംഭിച്ചതിനു പിന്നാലെ കേരളത്തിൽ കാലുറപ്പിക്കാൻ ലോകത്തിലെ കുപ്രസിദ്ധ കമ്പനിയായിരുന്ന എൻറോൺ നടത്തിയ ശ്രമങ്ങളെ പരാജയപ്പെടുത്തിയ ചരിത്രമാണ് ഇരിണാവിലെ താപനിലയത്തിനെതിരെ ജനങ്ങൾ നടത്തിയ സമരത്തിന്റേത്. 1997ൽക്കാണ് അന്നത്തെ എൽ.ഡി.എഫ് ഗവണ്മെന്റിലെ വൈദ്യുതി മന്ത്രിയായിരുന്ന പിണറായി വിജയൻ കണ്ണൂരിൽ കെ.പി.പി നമ്പ്യാർ മുഖ്യ പ്രമോട്ടറായുള്ള കമ്പനിക്ക് എൻറോണിന്റെ ഭൂരിപക്ഷ മൂലധനപങ്കാളിത്തത്തോടെ 500 മെഗാവാട്ട നാഫ്ത്ത ഇന്ധനമാക്കി വൈദ്യുതി ഉത്പാദിപ്പിക്കാൻ അനുമതി കൊടുത്തത്. ഇതിനായി 175 ഏക്കർ പാരിസ്ഥിതിക പ്രാധാന്യമുള്ള കൈപ്പാട് കൃഷി നടത്തിയിരുന്ന ഭൂമി ഏറ്റെടുത്ത് കൈമാറാനുള്ള ശ്രമവും ഉണ്ടായിരുന്നു.

ഇതിനുള്ള നീക്കങ്ങൾ തുടങ്ങിയ ഘട്ടത്തിൽ തന്നെ പരിസ്ഥിതി, ആരോഗ്യ പ്രശ്നങ്ങൾ മുൻനിർത്തി തദ്ദേശീയ ജനത കണ്ണൂരിലെ പരിസ്ഥിതി പ്രവർത്തകരുടെ ചെറുത്തു നിൽപ്പുകൾ ആരം ിച്ചു. പ്രധാനമായും ഉന്നയിക്കപ്പെട്ട വിഷയങ്ങൾ ഇവയായിരുന്നു.

1. എൻറോൺ എന്നു പറയുന്ന കമ്പനി വ്യാജമാണ്

2. നാഫ്ത്ത അന്താരാഷ്ട്രമാർക്കറ്റിൽ വിലയുള്ളതും അതിലൂടെ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിക്ക് ജനങ്ങൾക്ക് താങ്ങാൻ പറ്റാത്തവിധം ഉത്പാദന ചാർജ് ഉണ്ടാക്കുന്നതുമാണ്.

3. കേരളത്തിലെ വൈദ്യുതി ബോർഡിന്റെ നിലനിൽപ്പുതന്നെ ഇല്ലാതാക്കുന്നതാണ് കരാർ.

4. പരിസ്ഥിതി ദുർബലപ്രദേശമായതും ജനങ്ങൾ തിങ്ങിപ്പാർക്കുന്നതുമായ ഇരിണാവിലും പാപ്പിനിശ്ശേരിയിലും ഗുരുതരമായ പാരിസ്ഥിതിക, ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കും.

5. വൈദ്യുതി ഉത്പാദനത്തിനാവശ്യമായ ശുദ്ധജലം ഉപയോഗപ്പെടുത്തുമ്പോൾ കണ്ണൂർ ജില്ലയിൽ വ്യാപകമായി കുടിവെള്ളക്ഷാമമുണ്ടാകും.

6. വളപ്പട്ടണം പുഴ മലിനീകരിക്കപ്പെടുകയും മത്സ്യസമ്പത്ത് നശിക്കുകയും ചെയ്യുമ്പോൾ വളപട്ടണം പുഴയെ ആശ്രയിച്ചു ജീവിക്കുന്നവർക്ക് തൊഴിൽ നഷ്ടപ്പെടുന്നു.

7. ഈ പ്രദേശം അഴിമുഖത്തോട് ചേർന്ന് കിടക്കുന്നതിനാൽ കടലിലെ ആവാസവ്യവസ്ഥയെയും സാരമായി ബാധിക്കും.

ഈ വിഷയങ്ങൾ ഉന്നയിച്ച് കേരള ഹൈക്കോടതിയിൽ അസോസിയേഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് എൻവിയോൺമെന്റ് എന്ന അഡ്വ. ഇ.പി. ഹംസക്കുട്ടി അദ്ധ്യക്ഷനായ സംഘടന കേസ്സ് കൊടുക്കുകയും ചെയ്തിരുന്നു.

മുസ്ലിം സ്ത്രീകൾ കൂട്ടത്തോടെ പ്രക്ഷോ രംഗത്ത് സജീവമായി നിലയുറപ്പിച്ച സമരമെന്ന നിലയിൽ ശ്രദ്ധേയമായ സമരമായിരുന്നു. മേധാപട്കർ, എൻ.എ.പി.എം ദേശീയനേതാവ് സഞ്ജയ് മംഗോപാൽ എന്നിവർ സ്ഥലം സന്ദർശിക്കുകയും മഹാരാഷ്ട്രയിൽ എന്റോൺ വിരുദ്ധസമരത്തിൽ എൻ.എ.പി.എം നോട് സഹകരിച്ച സി.പി.എം കേരളത്തിൽ എൻ റോണിനെ സ്വീകരിക്കുന്ന വൈരുദ്ധ്യവും ചൂണ്ടിക്കാണിച്ച് മേധാപട്കർ സി.പി.എം ദേശീയ നേതൃത്വത്തെ ഡൽഹിയിൽ നടന്ന പരിപാടിയിൽ പരസ്യമായി ചോദ്യം ചെയ്തതിനെതുടർന്ന് പ്രതിരോധത്തിലായി സി.പി.എം ദേശീയ നേതൃത്വത്തിന്റെ ഇടപെടലിനെതുടർന്ന് എൻറോണിന്റെ പങ്കാളിത്തം ഉപേക്ഷിക്കാൻ സംസ്ഥാന ഗവണ്മെന്റിന് തയ്യാറാകേണ്ടി വന്നു. പിന്നീട് പിൻവാതിലിലൂടെ മറ്റൊരു കമ്പനിയുടെ മറവിൽ എൻ റോണിനെ വീണ്ടും കുടിയിരുത്തുവാൻ കഠിനമായ പ്രയത്നം ഉണ്ടായിരുന്നുവെങ്കിലും ശക്തമായ ജനകീയ പ്രക്ഷോഭം താപനിലയത്തിന്റെ സ്ഥാപനം തന്നെ അസാധ്യമാക്കി. കെ.പി.പി നമ്പ്യാർ പദ്ധതി ഉപേക്ഷിക്കാൻ നിർബന്ധിതമാക്കപ്പെട്ടു. ജന്മം കൊണ്ട് കുപ്രസിദ്ധമായ എൻ റോണിനെ കാലുകുത്തുന്നതിനു മുമ്പുതന്നെ തുരത്തുവാൻ പാപ്പിനിശ്ശേരി ഇരിണാവിലെ ജനങ്ങൾക്ക് കഴിഞ്ഞത്. തീർച്ചയായും ഈ സമരം കേരളത്തിലെ ഇതര ജനകീയ അഭിമാനിക്കാവുന്നതുമാണ്. കിൻഫ്രയുടെ കൈവശമുള്ള ഈ സ്ഥലത്തും ജയപ്രകാശ് ഇൻഡസ്ട്രീസിൽ 250 M.W വൈദ്യുതി ഉൽപാദിപ്പിക്കാനും സിമന്റ് ഫാക്ടറി ഉണ്ടാക്കുവാനും സർക്കാർ ധാരണാപത്രം ഒപ്പിട്ടതോടെ വീണ്ടു ജനങ്ങൾ സമരം ചെയ്യേണ്ട ഗതികേടിലാണ്. അതിനവർ തയ്യാറെടുത്തു കഴിഞ്ഞു.

ബന്ധങ്ങൾക്ക്: 9495147440

With best compliments from

CENTRE FOR POST GRADUATE STUDIES

P.G.Centre

**North Bus Stand**
**Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com